പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 160 22-01-2014-ൽ മറുപടിയ്ക്ക്

## വർഗ്ഗീയസംഘടനകളെ നിയന്ത്രിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ<br>ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ഡോ. ടി.എം. തോമസ് ഐസക്<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് വർഗ്ഗീയാസ്വാസ്ഥ്യങ്ങൾ വർദ്ധിക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ മുഖ്യകാരണം പരിശോധിക്കുകയുണ്ടായോ; | (എ) സംസ്ഥാനത്ത് ചില ഭാഗങ്ങളിൽ വർഗ്ഗീയാസ്വാസ്ഥ്യങ്ങളിൽ ചെറിയ വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം സംഭവങ്ങളുടെ കാരണം സർക്കാർ പരിശോധിച്ചിട്ടുണ്ട്. |
| (ബി) ഈ സർക്കാരിന്റെ കാലത്ത് വർഗ്ഗീയ-സാമുദായികസംഘർഷങ്ങളും ലഹളകളും ഉണ്ടായതായി പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) ഈ സർക്കാരിന്റെ കാലത്ത് വർഗ്ഗീയ വിദ്വേഷങ്ങൾ ഉളവാക്കിയതിനും മറ്റുമായി ചില കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും പോലീസിന്റെ സമയോചിതമായ ഇടപെടൽ കാരണം അവയൊന്നും വർഗ്ഗീയ സാമുദായിക സംഘട്ടനങ്ങളായോ, ലഹളകളായോ പരിണമിച്ചിട്ടില്ല. |
| (സി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വർഗ്ഗീയസംഘടനകളിൽ നിന്നും ജനങ്ങളുടെ ഐക്യത്തിനു വെല്ലുവിളി നേരിടുന്നുണ്ടെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വർഗ്ഗീയസംഘടനകളെ ഏതെല്ലാം നിലയിലാണ് നിയന്ത്രിക്കാനുദ്ദേശിക്കുന്നത്; മതനിരപേക്ഷതയ്ക്കുവേണ്ടി ശക്തമായ നിലപാടെടുക്കാൻ സർക്കാർ തയ്യാറാകുമോ; വ്യക്തമാക്കുമോ ? | (സി) സംസ്ഥാനത്തു പ്രവർത്തിക്കുന്ന വർഗ്ഗീയ സംഘടനകളിൽ നിന്നും ജനങ്ങളുടെ ഐക്യത്തിന് വെല്ലുവിളി നേരിടുന്നുണ്ട്. സാമുദായിക ഐക്യത്തിന് കോട്ടം വരുന്ന പ്രവർത്തനങ്ങൾ ഇവരുടെ ഭാഗത്തുനിന്ന് ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടപ്പോഴൊക്കെ ശക്തമായ നിയമനടപടികൾ പോലീസ് സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാന ഇന്റലിജൻസ് വിഭാഗവും മറ്റും ഇത്തരം സംഘടനകളെ സസൂക്ഷ്മം നിരീക്ഷിച്ചുവരുന്നു. ദേശസുരക്ഷയെ ബാധിക്കുമെന്നതിനാൽ കൂടുതൽ വിശദാംശങ്ങൾ വെളിപ്പെടുത്താനാവില്ല. കേരളത്തിന്റെ മഹത്തായ മതനിരപേക്ഷ പാരമ്പര്യം കാത്തുസൂക്ഷിക്കുവാനും സാമുദായിക ഐക്യം നിലനിർത്തുന്നതിനും വേണ്ടി വർഗ്ഗീയ പ്രശ്നസാദ്ധ്യതാ പ്രദേശങ്ങളിൽ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1. എല്ലാ രാഷ്ട്രീയ കക്ഷികളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള സമ്മേളനങ്ങൾ നടത്തി |

മാതൃകാ പെരുമാറ്റച്ചട്ടം രൂപീകരിക്കുന്നതിനും അഭിപ്രായസമന്വയം ഉണ്ടാക്കുവാനും നടപടി സ്വീകരിച്ചുവരുന്നു.

2. മതസൗഹാർദ്ദ അവലോകന മീറ്റിംഗുകൾ സർവ്വമതനേതാക്കളേയും ഉൾപ്പെടുത്തി-ക്കൊണ്ട് സമയാസമയം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

3. മതസൗഹാർദ്ദത്തിനു ഹാനികരമാകത്തക്ക രീതിയിലുള്ള പെയിന്റിംഗുകൾ, തോരണങ്ങൾ, ചുവരെഴുത്തുകൾ, സാമുദായിക അടിസ്ഥാനത്തിലുള്ള ബസ് വെയിറ്റിംഗ് ഷെഡുകൾ തുടങ്ങിവയ നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിച്ചു.

4. പ്രാദേശികമായി സർക്കിൾ ഇൻസ്പെക്ടർ-മാരുടെ നേതൃത്വത്തിൽ കമ്മ്യൂണൽ ഹാർമണി യോഗങ്ങൾ സംഘടിപ്പിച്ചുവരുന്നുണ്ട്.

5. ആരാധനാലയങ്ങളുടെ നിർമ്മാണവും പുനരുദ്ധാരണ പ്രവർത്തനങ്ങളും സാമുദായിക ധ്രുവീകരണത്തിനു കാരണമാകുമെന്നതിനാൽ ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നതിനു ജില്ലാ അധികാരികളുടെ മുൻകൂർ അനുമതി നിർബന്ധമാക്കിയിട്ടുണ്ട്.

6. ഇതുകൂടാതെ സംസ്ഥാനത്തെ ഏറ്റവും അധികം വർഗീയസംഘർഷ സാദ്ധ്യതാ പ്രദേശമായ കാസർഗോഡ് ജില്ലയിൽ മതസൗഹാർദ്ദം നിലനിർത്താൻ വേണ്ടി റസിഡന്റ് അസോസിയേഷനുകളെ ഉൾപ്പെടുത്തി 'പൊൻപുലരി', കോളേജ് വിദ്യാർത്ഥികളെ ഉൾപ്പെടുത്തി 'ഉണർവ്', വനിതകളെ ഉൾപ്പെടുത്തി 'സുജല', അദ്ധ്യാപകരെ ഉൾപ്പെടുത്തി 'അർപ്പണം', സന്നദ്ധ സംഘടനകളെ ഉൾപ്പെടുത്തി 'സേവന', വ്യവസായികളെയും കച്ചവടക്കാരെയും ഉൾപ്പെടുത്തി 'ദർപ്പണം' എന്നീ പേരുകളിൽ ആഭ്യന്തര വകുപ്പിന്റെ നിർദ്ദേശപ്രകാരം ജില്ലാ പോലീസിന്റെ "we are one" എന്ന ആശയ പ്രചരണാർത്ഥം, പൊതുജന കൂട്ടായ്മ ഊർജിതമായി പ്രവർത്തിച്ചുവരുന്നുണ്ട്. 9 പോലീസ് സ്റ്റേഷനുകളിൽ പോലീസ് ജനമൈത്രി പദ്ധതി പ്രവർത്തിച്ചുവരുന്നുണ്ട്. ടി പോലീസ് സ്റ്റേഷൻ പരിധികളിൽ ഉള്ള ക്ലബ്ബുകൾ സന്നദ്ധ സംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ എന്നിവയുമായി ചേർന്ന് മതസ്പർദ്ധ ഇല്ലാതാക്കുന്നതിനും മതസൗഹാർദ്ദം ഉറപ്പുവരുത്തുന്നതിനുമായി മതസൗഹാർദ്ദ റാലി, മതസൗഹാർദ്ദ സദസ്സ് എന്നിവ സംഘടിപ്പിച്ചും

മതസൗഹാർദ്ദം പ്രമേയമായിട്ടുള്ള 'അതിരു കൾക്കപ്പുറം' എന്ന ടെലിഫിലിം നിർമ്മിക്കുകയും വിവിധ സ്ഥലങ്ങളിൽ പ്രത്യേകിച്ച് വർഗ്ഗീയ പ്രശ്നബാധിത പ്രദേശങ്ങളിൽ പ്രദർശിപ്പിക്കുകയും ചെയ്തുവരുന്നുണ്ട്.

സെക്ഷൻ ഓഫീസർ